I/291094/2024

**തദ്ദേശ സ്വയം ഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**
**സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**
**ഫോൺ: 0484 – 2422219, ഇ-മെയിൽ : jdlsgdekm@gmail.com**

**നമ്പർ: LSGD/JD/EKM/4292/2024-D9** **തീയതി: 22-05-2024**

**പ്രേഷകൻ**
ജോയിന്റ് ഡയറക്ടർ & ചെയർമാൻ
സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്
തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം

**സ്വീകർത്താവ്**
മോഹൻദാസ് ചാക്കോ
mohandaschacko5@gmail.com
(അഡ്രസ്സ് ലഭ്യമാക്കിയിട്ടില്ല)

സർ,

വിഷയം :- ത.സ്വ.ഭ.വകുപ്പ് - സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാ സമിതി - ശ്രീ.മോഹൻദാസ് ചാക്കോ സമർപ്പിച്ച പരാതി സംബന്ധിച്ച്.

സൂചന :- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുൻപാകെ താങ്കൾ സമർപ്പിച്ച പരാതി.

************

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 2024 ജനുവരി 17 എന്ന് തീയതി രേഖപ്പെടുത്തിയ പരാതി ഈ ഓഫീസിലേയ്ക്ക് നടപടിയ്ക്കായി അയച്ച് നൽകിയത് പരിശോധിച്ചതിൽ പരാതി എന്താണെന്നോ, പരാതിക്കാധാരമായ കാരണങ്ങൾ എന്താണെന്നോ സൂചിപ്പിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ചുവടെ പറയുന്ന കാര്യങ്ങൾക്ക് വിശദമായ വ്യക്തമായ മറുപടി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

1 ) കൊച്ചി നഗരസഭയിൽ എന്ത് സേവനം ലഭിക്കുന്നതിനാണ് താങ്കൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ?

2) സേവനം ലഭിക്കുന്നതിന് എന്താണ് നിലവിലെ തടസ്സം. ?

3) താങ്കൾ സമർപ്പിച്ച അപേക്ഷയിൻമേൽ കാച്ചി നഗരസഭ പരിശോധന നടത്തിയിട്ടുള്ളതാണോ ?

4 ) പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ രേഖാമൂലം മറുപടിയോ, നോട്ടീസോ

നൽകിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുക.

5 ) താങ്കൾക്ക് സേവനം ലഭിക്കുന്നതിന് തടസ്സമായി കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ ഉന്നയിച്ചിട്ടുള്ള നിയമ തടസ്സങ്ങൾ എന്തൊക്കെയാണ് ?

6 ) നിലവിൽ താങ്കൾക്ക് അനുകൂലമായി എന്തെങ്കിലും നടപടികൾ കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദമാക്കുക ?

7 ) താങ്കളുടെ പരാതിയുമായി ബന്ധപ്പെട്ട ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായ പ്രസക്തമായ മറ്റ് വിശദാംശങ്ങൾ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Shaji A V
Date: 24-05-2024 15:19:05

SHAJI A V
ASSISTANT DIRECTOR
ജോയിന്റ് ഡയറക്ടർക്കു വേണ്ടി